പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1482 | 03.05.2017 ൽ മറുപടിക്ക്

## ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>,, മുഹമ്മദ് മുഹസിൻ പി.<br>,, എൽദോ എബ്രഹാം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്ത മാക്കുമോ; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിമാനത്താവളം നിർമ്മിക്കുന്നതിന് പരിഗണിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. |

1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്

2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം കോട്ടയം.

3. വെള്ളനാട് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം,

4. ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട,

5. കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട,

6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട.

(സി) പ്രസ്തുത വിമാനത്താവള നിർമ്മാണത്തിന്റെ സാമ്പത്തിക വശങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കുമോ?

(സി) ശബരിമല വിമാനത്താവള പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനായി ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തെരഞ്ഞെടുക്കുന്ന ആധികാരിക ഏജൻസി വഴിയുള്ള സാദ്ധ്യതാ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ